# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.91 | 20.01.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ ജനാധിപത്യപരമായ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനിടയാക്കിയ നയവും നടപടികളും തിരുത്താൻ തയ്യാറാകുമോ ; | (എ) | സർവ്വകലാശാലകൾ സ്വയം ഭരണ സ്ഥാപനങ്ങളാണ്. സർവ്വകലാശാലകളുടെ ജനാധിപത്യപരമായ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വൈസ് ചാൻസലർ നിയമനം സംബന്ധിച്ച പരാതികളും വിവാദങ്ങളും സർവ്വകലാശാല പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; | (ബി) | ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപെടുതിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായ ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്, പരാതികളോ വിവാദങ്ങളോ സർവകലാശാലാ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല . |
| (സി) | വൈസ് ചാൻസലറെ നിയമിച്ചിട്ടില്ലാത്ത സർവ്വകലാശാലകൾ നിലവിലുണ്ടോ ; എത്രകാലമായി തസ്തിക ഒഴിഞ്ഞുകിടക്കുന്നു. നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; | (സി) | ഉണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറുടെ കാലാവധി 03.01.2014 ന് അവസാനിച്ചിരുന്നു. പുതിയ വൈസ് ചാൻസലറെ തിരഞ്ഞെടുക്കുന്നതിന് സെർച്ച് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച നടപടികൾ നടത്തേണ്ടത് ബഹു. ചാൻസലറാണ്. കേരള സർവ്വകലാശാലയിൽ |

| | | | |
|---|---|---|---|
| | | | 16/12/2012 മുതൽ വൈസ് ചാൻസലറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. സെർച്ച് കമ്മിറ്റിയിലെ സർവകലാശാല പ്രതിനിധിയുടെ നോമിനേഷനുമായി ബന്ധപ്പെട്ട് ഒരു വ്യവഹാരം ബഹു. ഹൈക്കോടതിയിൽ നിലനില്ക്കുന്നതിനാൽ സെർച്ച് കമ്മിറ്റി രൂപീകരണം പൂർത്തിയായിട്ടില്ല . ഇതാണ് കേരള സർവ്വകലാശാല വൈസ് ചാൻസലറുടെ തസ്തിക യഥാസമയം നികത്തുവാനാകാതെ പോയതിനുള്ള കാരണം. |
| (ഡി) | സർവ്വകലാശാല അധികൃതരും സർക്കാരും കൈക്കൊള്ളുന്ന നടപടികൾക്കെതിരെ സർവ്വകലാശാലകളിൽ പ്രക്ഷോഭങ്ങൾ നടക്കുന്നതായിട്ടറിയാമോ ; | (ഡി) | ഇല്ല |
| (ഇ) | സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | (ഇ) | സർവ്വകലാശാലകളിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിക്കേണ്ട പ്രതിസന്ധികളൊന്നും തന്നെ ഇപ്പോൾ സർവകലാശാലകളിൽ ഇല്ല. |

സെക്ഷൻ ഓഫീസർ